# അദ്ധ്യായം - 2

വെളി:(1:19) അനുസരിച്ച് ഒന്നാംഘട്ടം (നികണ്ടത്) ഒന്നാം അദ്ധ്യായത്തിൽ കണ്ടുകഴിഞ്ഞു തുടർന്ന് രണ്ടാം ഘട്ടമായ 7 സഭകൾക്കുള്ള ദൂതുകൾ രണ്ടും മൂന്നും അദ്ധ്യായങ്ങളിലായി നമുക്ക് ചിന്തിക്കാം ഈ ദൂതുകൾ സ്ഥലകാലഭേദമെന്യേ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാർക്കുള്ള ദൂതാണ്.

**ഏഴ് സഭകളെ തിരഞ്ഞെടുക്കുവാനുള്ള കാരണങ്ങൾ**

1. ഏഴ് ആത്മീയ പൂർണതയെ കാണിക്കുന്നു.

2. ഏഴ് സഭകൾ എല്ലാകാലത്തിന്റെയും പ്രതിനിധി സ്വഭാവം വഹിക്കുന്നു.

3. വിശ്വാസികളിലെ സ്വഭാവത്തെ വ്യക്തമായി ചിത്രികരിച്ച് അവയ്ക്ക് മാറ്റം വരുത്തേണ്ടവയെ എങ്ങനെ സഭാനാഥന്റെ ഹിതത്തിന് രൂപപ്പെടുത്താം എന്ന് വ്യക്തമാക്കുന്നു.

4. സഭാശുശ്രൂഷകളിൽ പ്രതിനിധ്യമുള്ളവർ എങ്ങനെ തങ്ങളുടെ വേലകളെ അഭംഗുരം കൊണ്ടുപോകണമെന്ന് വ്യക്തമാക്കുവാനുമായിട്ടാണ് ഏഴ് സഭകളെ തിരഞ്ഞെടുത്തത്.

**ഓരോസഭയ്ക്കു മുള്ള ദൂതിനെ ഏഴായി വിഭജിച്ചിരിക്കുന്നു.**

1. നിർദേശം - സഭയുടെ ദൂതന് എഴുതുക എന്ന് നിർദ്ദേശിക്കുന്നു ദൂതൻ എന്നത് സഭയിലെ മുഷ്പന്മാർ (ഇടയന്മാർ) അഥവാ പ്രവാചകന്മാരോ ആക്കാം.

2. ആളത്വവർണ്ണന - എഴുതുവാൻ നിർദ്ദേശം നൽകുന്ന സഭാനാഥന്റെ അതായത് യേശുക്രിസ്തുവിന്റെ പ്രത്യക്ഷകളുടെ വിവിധ ദൃശ്യങ്ങൾ പരിചയപ്പെടുത്തുന്നു.

3. സകലവും അറിയുന്നു - കർത്താവ് നമ്മുടെ സകലഅവസ്ഥകളും അറിയുന്നു എന്ന് വ്യക്തമാകുന്നു. ഇത് എത്രയോ ആശ്വാസകരമാണ്

4. കേൾക്കാനുള്ള ആഹ്വാനം - ഏഴ് സഭകളോടും കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്ന് ആവർത്തിച്ച് പ്രസ്താവിക്കുന്നു.

5. നന്മ കാണുന്നത് വ്യക്തമാക്കുന്നു - അനുകരണീയമായ ഒരു പ്രത്യേകത സഭാനാഥൻ സഭകളെ പഠിപ്പിക്കുന്നു. നല്ലതിനെ അഭിനന്ദിച്ചതിനു ശേഷമാണ് കുറവുകളെ ചൂണ്ടികാണിക്കുന്നത് ദുരുപദേശങ്ങളെ ശക്തമായി വിമർശിക്കുന്നു.

6. പ്രതിഫലം തരുന്നു - ജയിക്കുന്നവർക്കുള്ള പ്രതിഫലം എന്തെന്ന് ഓരോ സഭയോടുള്ള വാഗ്ദത്തം വ്യക്തമാക്കുന്ന എന്ന് ചോദ്യം വന്നേക്കാം ഓരോ സഭയ്ക്കുമുള്ള പ്രത്യേക ദൂതിൽ അടങ്ങിയിരിക്കുന്ന കാര്യത്തിൽ ജയം പ്രാപിപ്പാൻ അവർക്ക് വാഗ്ദത്തം ചെയ്ത പ്രതിഭലം ലഭിക്കുന്നു.

1. എഫെസൊസിലെ സഭയ്ക്കുള്ള ദൂത് (വെള്ളി 2:1-7) ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെ റോമൻ പ്രവശ്യമായ എഫെസൊസ് മതം, രാഷ്ട്രീയം, വാണിജ്യം ഇവയുടെ കേന്ദ്രമായിരുന്നു സമ്പർഗ്ഗികമായി ഇത്രയും അധപതിച്ച ഒരു പട്ടണം ആസ്യയിലില്ലായിരുന്നു എല്ലാവിധ മ്ലേഛതകളും യാതൊരു മറയും കൂടാതെ എഫെസൊസ് തെരുവിൽ അരങ്ങേറിയിരുന്നു ഈ കാലത്താണ് സുവിശേഷം ഇവിടെ എത്തിയത് അർത്തി

മസ് ദേവിയുടെ മനോഹരമായ ഒരു ആരാധനാകേന്ദ്രം ഈ പട്ടണത്തിലുണ്ടായിരുന്നു. അപ്ര 19:21-27) പൗലോസ്ഷോസ്ത്രാലൻ ഇവിടെ മൂന്ന് വർഷം താമസിച്ച് പ്രവർത്തിച്ചിരുന്നു. അപ്ര (20.31) എന്തെല്ലാം പ്രത്യേകതകൾ ഉണ്ടായിട്ടും ഫലമില്ലാതായി എന്നതിന്റെ തെളിവാണ് ഭൂമുഖത്തില്ലാതവണ്ണം ഈ പട്ടണവും സഭയും പൂർണ്ണമായി നശിച്ചത് വചനം അനുസരിക്കായ്കയാൽ അവർ ഇടറിഷോകുന്നു. അതിന് അവരെ വെച്ചുമിരിക്കുന്നു എന്ന് 1 പത്രോ (2.8) ൽ കാണാം.

(1)2. എഫെസൊസ് സഭയുടെ ദൂതനെഴുതുവാൻ സഭാനാഥൻ നിർദ്ദേശിക്കുന്നു. രണ്ടാമതായി നിർദ്ദേശം നൽകിയ വ്യക്തിയുടെ ആളത്വം വ്യക്തമാക്കുന്നത് അദ്ധ്യായ (2:1)ൽ കാണാം. കർത്താവ് സഭകളുടെ മദ്ധ്യേ നടക്കുകയണ്.ഇടയന്റെ കയ്യിൽ ആടുകൾ സുരക്ഷിതരാണ്. യോഹ: (10:28-29). സഭ തന്റെ ശക്തിയും വെളിച്ചവും കർത്താവിൽ നിന്നും പ്രാപിക്കുന്നു.

(3) സഭാനാഥന്റെ പ്രശംസയ്ക്ക് പാത്രീഭൂതമായ കാര്യങ്ങൾ -വെളി: (2:2,3)വാക്യങ്ങളിൽ കാണാം.

(4) ഈ സഭയുടെ കുറവുകൾ - വെളി : (2:4,5)

(5) കർത്താവ് കണ്ട നന്മ - വെളി (2:6)

(നിക്കലോവ്യ ) ഉപദേശം

നിക്കൽ+ലാവോസ് = നിക്കലോവ്യസ്

അതായത് ജനത്തെ കീഴടക്കി ഭരിക്കുക

അടിച്ചമർത്തലല്ല പരിപാലനമാണ് സഭാനാഥൻ ആഗ്രഹിക്കുന്നത് 1 തീമെ :(3:5) വായിച്ചാൽ നമുക്ക് മലസ്സിലാകും . ദുരുപദേശത്താൽ ജനത്തെ വഞ്ചിച്ച് കീഴടക്കുക എന്നതായിരുന്നു ഇവരുടെ ഉദ്ദേശം അത് അവർ വെറുത്തിരുന്നു.

ആരാണ് നിക്കലോവ്യർ ? അ:പ്ര (6:3-5) വരെയുള്ള വാക്യങ്ങളിൽ കാണാം അതിന്റെ മറുപടി

(6) സഭയുടെ കുറവുകൾ അതിന്റെ പരിഹാരം

വെളി(2:4,5)

(ആദ്യസ്നേഹം വിട്ടുകളയുക -you do not love me now , as you did at first)

അഷനിൽനിന്ന് അകലുന്തോറും സ്നേഹം നഷ്ടമാകും എന്നുള്ളത് മറന്നുപോകരുത് . യിരെ (2:2) , മത്താ (24:12) ഈ ഭാഗങ്ങൾ വായിക്കുക)

(7) ജയിക്കുന്നവന് ലഭിക്കുന്ന പ്രതിഫലം -

- വെളി (2:7) ൽ ജീവവൃക്ഷഫലം തിന്മാൻ ലഭിക്കും .

a. പ്രതിഫലം ആർക്ക് ലഭിക്കും ?

---to him who overcomes the difficulties -(N.I.V)

---to those who have won the victory--(G.N.B)

b. ജീവവൃക്ഷം വചനത്തിൽ നാലു സ്ഥലങ്ങളിൽ കാണാം.

(1) ഏദനിലെ ജീവവൃക്ഷം - (ഉല്പ :2:9)

(2) സഹസ്രാബ്ദഭൂമിയിലെ ജീവവൃക്ഷം - യെഹ (47:12)

(3) പുതിയ യെറുശലേമിലെ ജീവവൃക്ഷം - വെളി (22:2)

(4) ദൈവ പറുദീസയിലെ ജീവവൃക്ഷം - വെളി (2:7)

എഫെസൊസ് സഭക്കാരെപ്പോലെ നാം ആദ്യ സ്നേഹം നഷ്ടമാക്കിയവരോ എന്നു പരിശോധിച്ച് തെറ്റ് തിരുത്തി , പ്രതിഫലലബ്ദരായിത്തീരുവാൻ ഈ പഠനത്തിലൂടെ ദൈവം നിങ്ങളെ സഹായിക്കട്ടെ

സ്മുർന്നയിലെ സഭ (വെളി :2:8-11)

സ്മുർന്ന പട്ടണം എഫെസൊസിൽ നിന്ന് 50 മൈൽ അകലെ വടക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. എഫെസൊസ് കഴിഞ്ഞാൽ ഏറ്റവും സമ്പന്നമായ നഗരമാണ് സ്മുർന്ന.ഇന്ന് ടർക്കിയുടെ ഒരു പ്രധാന തുറമുഖ പട്ടണമായി ഇസ്മീർ എന്ന പേരിൽ അറിയപ്പെടുന്നു.

സ്മുർന്ന (യവനപദം) എന്ന വാക്കിന്റെ അർത്ഥം കൈയ്പ്. ഇവിടുത്തെ പ്രധാന കച്ചവടചരക്കായ മൂരിൽ നിന്നുമാണ് സ്മുർന്ന എന്ന പേര് ഈ പട്ടണത്തിനു ലഭിച്ചത്.

കർത്താവ് തന്റെ രണ്ടാമത്തെ ലേഖനത്തിനായി തിരഞ്ഞെടുത്ത സഭയാണ് സ്മുർന്നയിലെ സഭ. തന്റെ മൂന്നാം മിഷനറി യാത്രയിൽ പൗലോസപ്പോസ്തോലൻ സ്ഥാപിച്ചതാകാം ഈ സഭയെന്നു കരുതപ്പെടുന്നു. സുവിശേഷത്തോടുള്ള എതിർപ്പിന് ഈ സഭ കീർത്തികേട്ടതാണ് .

(1) സഭയുടെ ദൂതന് എഴുതുവാനുള്ള നിർദ്ദേശം വാക്യം 8 ൽ കാണുന്നു.

(2) നിർദ്ദേശം നല്കി ആളിന്റെ പ്രത്യകത- വെളി-:(2:8)

(3) കർത്തവിന്റെ പ്രശംസ - വെളി:( 2:8 -9)

സഭ പീഠനത്തിൽ കൂടി കടന്നുപോയി എന്ന് കാണിക്കുന്ന മൂന്ന് പദങ്ങൾ ശ്രദ്ധിക്കുക

a.കഷ്ടത - ഭാരങ്ങളുടെ ഇടയിലിരുന്ന് ഞെരിഞ്ഞമങ്ങുന്ന അവസ്ഥ.

(വായിക്കുക നഹും(1:7) ,മത്താ: (24:21.22)

b. ദാരിദ്രം - ഈ വാക്ക് അവരുടെ ഭൂമിയിലെ സാമ്പത്തീക ശൂന്യതയെ കാണിക്കുന്നു. എങ്കിലും കർത്താവു പറയുന്നു അവർ സമ്പന്നരെന്ന് .കാരണം രക്ഷ അവർക്കുള്ളതാകയാൽ അവർ സ്വർഗ്ഗീയ സമ്പന്നരത്രേ.

c. ഭൂഷണം സഹിച്ചതു കൂടാതെ തടവ്.

(4) കുറവുകൾ ഒന്നും ചൂണ്ടിക്കാണിപ്പാനില്ല.

(5) കർത്താവ് നൽകുന്ന പ്രബോധനം - (മരണപര്യാന്തം വിശ്വസ്തത പാലിപ്പാൻ ശ്രദ്ധിക്കുക- വെളി:(2:10)

(6) കുറവുകൾ ഇല്ലാത്തതിനാൽ പരിഹാരവും പ്രസ്താവിക്കുന്നില്ല.

(7) ജയിക്കുന്നവർക്കുള്ള പ്രതിഫലം- വിശ്വസ്തർക്ക് ജീവകിരീടം ലഭിക്കുന്നു കൂടാതെ രണ്ടാം മരണ

ത്താൽ

ദോഷങ്ങളൊന്നും അവർക്ക് സംഭവിക്കുകയുമില്ല. ഈ സഭയിലെ അംഗങ്ങളെപ്പോലെ കുറവുകൾ ഇല്ലാത്തവരായി പ്രതിഫലലബ്ദ്ധരാകുവാൻ നമുക്കും ഒരുങ്ങാം.

**പെർഗ്ഗമൊസ് സഭയ്ക്കുള്ള ദൂത്.(വെളി.2.12-17)**

സ്മർന്നയിൽ നിന്ന് ഇരുപതു മൈൽ അകലെയായി ഒരു കുന്നിൻമുകളിൽ പണിയപ്പെട്ട പട്ടണമാണ് പെഗ്ഗമോസ്. പെഗ്ഗമോസ് ഒരു വിജ്ഞാനകേന്ദ്രമാണെന്നതിന് തെളിവായി രണ്ടു ലക്ഷം ഗ്രന്ഥങ്ങളുൾക്കൊള്ളുന്നഒരു ഗ്രന്ഥശാല ഉണ്ടായിരുനിനു. പിൽക്കാലത്ത് ആന്റണി ക്ലിയോപാട്രയ്ക്ക് സമ്മാനമായി ഈജിപ്റ്റിലേക്ക് ഈ ഗ്രന്ഥങ്ങൾ കൊടുത്തയയ്ക്കുകയായിരുന്നു. കൂടാതെ ഈ ദേശം ഒരു ജാതീയമതകേന്ദ്രമായിരുന്നു. പ്രസ്ദ്ധങ്ങളായ രണ്ടുക്ഷേത്രങ്ങൾ ഇന്ദ്രന്റേയും അഥീനദേവിയുടേതുമായിരുന്നു. പൂരിംവിവകാലമഹത്വം നഷ്ടപ്പെട്ട പെഗ്ഗമോസ് ഇന്ന് ബർഗാമ എന്ന ഒരു ചെറിയ ഗ്രാമമായി മാറി.

കർത്താവായ യേശുക്രിസ്തു തന്റെ മൂന്നാമത്തെ സന്ദേശം നല്കാനായി തിരഞ്ഞെടുത്ത സഭയാണ് പെഗ്ഗമോസിലെ സഭ.ക്രൈസ്തവ സാക്ഷ്യത്തിന് എത്രയും പ്രതികൂലമായ ഒരു ചുറ്റുപാടിൽ ആയിരിക്കുന്ന ഒരു ചെറിയ സഭയോടാണ്  ക്രിസ്തു തന്റെ സന്ദേശം അറിയിക്കുന്നത് .ഈ സന്ദേശം നമുക്ക് വിശകലനം ചെയ്യാം.

(1)  നിർദ്ദേശം - പെഗ്ഗമൊസ് സഭയുടെ ദൂതന് എഴുതുവാൻ നിർദ്ദേശിക്കുന്നു.

(2) നിർദ്ദേശിക്കുന്ന ആളിന്റെ പ്രത്യേകത- വെളി (2:12)

(3) സഭാ നാഥൻ അറിയുന്ന പ്രശംസാർഹമായ കാര്യങ്ങൾ

a.ഒരേ വാക്യത്തിൽ തന്നെ സാത്താന്റെ സിംഹാസനം എന്നത് രണ്ടുപ്രാവശ്യം കാണാം. എസ്കാലിപീയൂസ് എന്ന ദേവന്റെ വിഗ്രഹം പാമ്പിന്റെ രൂപത്തിലാണ് ഉണ്ടാക്കിയിരിക്കുന്നത്.ഇതിനെ സർപ്പസിംഹാസനമെന്നല്ല സാത്താന്റെ സിംഹാസനമെന്നാണ് അറിയപ്പെട്ടിരുന്നത്. മറ്റുചിലർ പറയുന്നു സൂയസ്സ് ദേവന്റെ ബലിപീഠമാണ് സാത്താന്റെ സിംഹാസനം എന്നാണ് .വ്യാഖ്യാതാക്കൾ എന്തൊക്കെ വിശദീകരണങ്ങൾ നല്കിയാലും സാത്താന്റെ സിംഹാസനം അവന്റെ പ്രത്യേക പ്രവർത്തനമണ്ഡലത്തെ കാണിക്കുന്നു. ഇപ്പോൾ സാത്താന്റെ സിംഹാസനം നരകത്തിലല്ല ഭൂമിയിൽ തന്നെയാണ്.(2 കൊരി (4:4), യോഹ (4:3,4). ഈ കാലയളവിൽ സാത്താൻ സിംഹാസനസ്ഥനായത് പെഗ്ഗമോസിലാകാം അതാണ് കർത്താവ് അവർ പാർക്കുന്നിടം അറിയുന്നു എന്ന് പറയുവാൻ കാരണം.

b. നീ എന്റെ നാമം മുറുകെപിടിച്ചതിനാൽ , പ്രതികൂല സാഹചര്യങ്ങളിലെ ഉറച്ചവിശ്വാസം ഞാൻ അറിയുന്നു എന്ന് സഭാനാഥൻ വ്യക്തമാക്കുന്നു.

എന്തിന് അവന്റെ നാമം മുറുകെ പിടിക്കണം

വായിക്കുക ഈ വേദ ഭാഗങ്ങൾ.

സങ്കീ: (8:1), ഫിലി: (2:9), സദൃ:(18:10) ഉത്ത (1:2)

(വിശ്വസ്ത സാക്ഷിയായ അന്തിപ്പാസ് എന്ന് അദ്ദേഹത്തെ തന്റെ സ്ഥാനപ്പേര് (വെളി 1:5) നൽകി കർത്താവ്

മാനിക്കുന്നു. അന്തിപ്പാസിനെ പിച്ചളകൊണ്ട് ഉണ്ടാക്കിയ ഒരു പൊള്ളയായ കാളക്കുട്ടിയുടെ രൂപത്തിനു ള്ളിലാക്കി ചുട്ടുപഴുപ്പിച്ച് കൊല്ലുകയായിരുന്നു. എന്നാണ് അന്നത്തെ സഭാദ്ധ്യക്ഷൻ രേഖപ്പെടുത്തിയി രിക്കുന്നത് )

4. ഈ സഭയുടെ കുറവുകൾ - വെളി:(2:14-15)

ബിലെയാമ ഉപദേശം - സംഖ്യ (25:1-5)

ബിലെയാമിന്റെ അന്ത്യം - സംഖ്യ (31:8)

5. കുറവുകൾ എങ്ങനെ പരിഹരിക്കാം - വെളി (2:16)

6. പരിഹരിച്ചില്ലെങ്കിൽ വരുന്ന ശിക്ഷ - വെളി (2:16)

(വായിലെ വാൾ - ഇവിടെ വാൾ ദൈവവചനത്തിന്റെ ഇരുവിധ സ്വഭാവത്തെ കാണിക്കു ന്നു. ദൈവവചനം ഒരുവശത്ത് പാപികളെ നിത്യബന്ധനത്തിൽ നിന്നും ശിക്ഷാവിധിയുടെ വിലങ്ങുക ളിൽനിന്നും മോചിപ്പിക്കുന്നു. മറുഭാഗത്ത് ഇതേ ദൈവവചനം തന്നെ കൃപയുടെ സന്ദേശം നിരസിക്കു ന്നവരെ നിത്യശിക്ഷാവിധിക്ക് വേർപെടുത്തുന്നു. രക്ഷയുടെയും മരണത്തിന്റേയും കാരണമായി ദൈവ വചനം ഇരുവായ്ത്തലയുള്ള വാളായി പ്രവർത്തിക്കുന്നു.)

7. ജയിക്കുന്നവന്റെ പ്രതിഫലം - വെളി (2:17)

ജയാളികളായിത്തീർന്ന് മറഞ്ഞിരിക്കുന്ന മന്ന പുറപ്പാട് (16:31-32)സങ്കീ:(78:24, 25

പുതിയപേർ എഴുതിയ വെള്ളക്കല്ല് ഇവ ലഭ്യമാകുവാൻ ഇടയാകട്ടെ എന്ന്

ആശംസിക്കുന്നു.

<u>തുയത്തൈര സഭയ്ക്കുള്ള ദൂത്</u>

പെർഗ്ഗമൊസിൽ നിന്ന് നാല്പതു മൈലകലെ സ്ഥിതി ചെയ്യുന്ന പട്ടണമാണിത് . അലക്സാണ്ടർ ചക്രവർത്തി പേർഷ്യൻ സാമ്രാജ്യ നാശത്തിനുശേഷം ഈ പട്ടണത്തെ ഒരു മക്കദോന്യകോളനിയായി സ്ഥാപിച്ചു. വാണിജ്യപരമായും , വ്യവസായികമായും അഭിവൃദ്ധിനേടുവാൻ അവർക്ക് കഴിഞ്ഞിരുന്നു. അ:പ്ര (16:14,15) ൽ നിന്ന് തുയത്തൈരപട്ടണം രക്താംബരത്തിന് കീർത്തികേട്ടതായി നമുക്കറിയാൻ സാധിക്കും . ഗദയും മഴുവും പിടിച്ച് കുതിരപ്പുറത്തിരിക്കുന്ന ഒരു വീരയോദ്ധാവിനെ ഇവർ ആരാധി ച്ചിരുന്നു. ഈ യോദ്ധാവിന്റെ ചിത്രം അവരുടെ നാണയത്തിലും കാണാം .ഒരു വെളിച്ചപ്പാടത്തിയുടെ പൂജാസ്ഥലവും ഇവിടെയുണ്ട് .(അ.പ്ര 16:16)

കർത്താവിന്റെ തിരഞ്ഞെടുപ്പിൽ കീഴിലാകാൻ സാധിച്ച നാലാമത്തെ സഭയാമ് പെർഗ്ഗമോസ് , സ്മുന്ന , എഫസൊസ് എന്ന സഭകളെക്കാൾ ചെറുതായ ഈ സഭ എങ്കിലും ഏറ്റവും ദീർഘമായ ദൂത് ലഭിച്ചത് ഇവയ്ക്കാണ്.യാതൊരുവിധ പീഡനവും ഈ സഭയ്ക്ക് അനുവിക്കേണ്ടി വരാത്തതിനാൽ എല്ലാ വിധ മ്ലേച്ഛതകളുടേയും കേളീരംഗമായിരുന്നു ഈ പട്ടണം .അതിനാലാണ് ചെറിയസഭയ്ക്ക് വലിയ ദൂത് നൽകേണ്ടി വരുന്നത് .

1. നിർദ്ദേശം - തുയത്തൈര സഭയുടെ ദൂതന് എഴുതുക.

2. നിർദ്ദേശകന്റെ പ്രത്യകതകൾ - വെളി. (2:18)

3. കർത്താവറിയുന്ന അവരിലെ നന്മകൾ - വെളി. (2:19)

4. അവരുടെ കുറവുകൾ - വെളി. (2: 20-21)

(ഈസേബൽ,ആഹാബ് ഇവരുടെ ചരിത്രം 1 രാജ 16: 31 മുതൽ 1 രാജ 17 മുതൽ 19 വരെ തുടർന്ന് 21-ാം അദ്ധ്യായവും വായിക്കുക.)

5. കുറവുകൾ പരിഹരിപ്പാൻ എന്തുചെയ്യണം? വെളി. (2:21)

6. കുറവുകൾ പരിഹരിക്കാത്തവർക്ക് വരുന്ന ശിക്ഷകൾ-വെളി. (2:22,23)

7. അനുസരിക്കുന്നവർക്കുള്ള പ്രതിഫലങ്ങൾ - വെളി. (2:24-28)

a. തുയഥൈരയിലെശേഷിപ്പ് ആണ് . ഈസേബെല്യ സ്വഭാവങ്ങളായ ദുർന്നടപ്പ്, ചതി,വഞ്ചന,വിഗ്രഹാർപ്പിതഭക്ഷണം തിന്നുക എന്നീ സ്വഭാവങ്ങൾ ഉപേക്ഷിച്ചവർ

b. സാത്താന്റെ ആഴങ്ങൾ അറിയാത്തവർ അതായത് വ്യാജമതങ്ങൾ , പൂജകൾ ഇവയെ ഉപേക്ഷിച്ച് കർത്താവ് പറഞ്ഞത് അനുസരിക്കുന്നവർ ഇവരോടൊന്ന് കർത്താവ് പറയുന്നത് താൻ വരും വരെ നിങ്ങൾക്കുള്ളത് മുറുകെപ്പിടിക്കുക എന്ന്. എന്തെല്ലാമാണ് മുറുകെ പിടിക്കേണ്ടത്.

1. സുവിശേഷം - 1 കൊരി (15:2)

2. ആദ്യ വിശ്വാസം - ഹബ്രാ (3:14)

3. ഉപദേശപ്രകാരമുള്ള വിശ്വാസ വചനം - തീത്തോ :1:9

2 തെസ്സ : (2:15) ഓർക്കുക ഈ ഉപദേശത്തോട് ഒന്നും കൂട്ടിച്ചേർക്കുകയോ , കുറയ്ക്കുകയോ ചെയ്യാൻ പാടില്ല .

4. പ്രത്യാശയുടെ ധൈര്യവും , പ്രശംസയും -എബ്രാ :(3:6)

എബ്രാ. (10:23)

5. നമ്മുടെ സ്വീകാര്യം അഥവാ വിശ്വാസം - എബ്രാ: (4:14)

ഈ ശേഷിപ്പുകൾക്കാണ് പ്രതിഫലം നൽകുന്നത് - വെളി(2:2728)

a.. ജാതികളുടെ മേൽ അധികാരം (I will give authority over nations - E Bible)

b. ഉദയനക്ഷത്രം കൊടുക്കും - വ്യാഖ്യാനങ്ങൾ

1. അർദ്ധരാത്രി കഴിഞ്ഞ് പ്രഭാത നക്ഷത്രം ഉദിക്കുംപോലെ മരണത്തിന്റെ ഭീകരരാത്രിയ്ക്കുശേഷം പുനരുത്ഥാനത്തിന്റെ പൊൻപുലരി ലഭ്യമാകുന്നു.

2. സാത്താന്റെമേൽ അധികാരം ലഭ്യമാകുന്നു

3. വിശ്വാസിക്കു ലഭിക്കുന്ന മഹത്വമായി ചിലർ കരുതുന്നു. (ദാനി: (12:3)

4. വെളി: (22:16)അനുസരിച്ച് വിജയികൾക്ക് കർത്താവിനെ അവകാശമായി ലഭിക്കുന്നു.

ഈ വാഗ്ദത്തങ്ങൾ ദൈവം തന്റെ മക്കൾക്കായി വച്ചിരിക്കുന്നതാകയാൽ നിനക്കുള്ളത് മുറുകെ പിടിച്ചുവച്ചുകൊള്ളുക എന്ന നിർദ്ദേശമനുസരിച്ച് ജീവിച്ച് ഈ വാഗ്ദത്തങ്ങൾക്ക് അവകാശിക ളാകുവാൻ ഓരോരുത്തരേയും ദൈവം സഹായിക്കട്ടെ.